തൊഴിൽ നഷ്ടപ്പെട്ടവരുടെ സംരക്ഷണം

61 [2833] ശ്രീ. ടി. കെ. ദേവകുമാർ :
,, എം. വി. ജയരാജൻ :
ഡോ. തോമസ് ഐസക് :
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിക്കുന്ന സാമ്പത്തികവും മറ്റുമായ നയങ്ങളുടെ ഭാഗമായി നിരവധി തൊഴിലാളികൾക്ക് നിലവിലുള്ള തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ടത് ഏതെല്ലാം മേഖലയിലാണ്; നിലവിലുണ്ടായിരുന്ന തൊഴിൽ നഷ്ടപ്പെട്ടവരെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ;

(സി) സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വകാര്യമേഖല, അസംഘടിതമേഖല തുടങ്ങി ഏതെല്ലാം മേഖലയിൽ എത്ര പേർക്ക് വീതം തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) തൊഴിൽ നഷ്ടപ്പെട്ടവരുടെ സംരക്ഷണത്തിനായി ഫലപ്രദമായ വല്ല പരിപാടിയും ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായോ?

ഉത്തരം

(എ) സാമ്പത്തിക പ്രതിസന്ധിമൂലം തോട്ടം മേഖല, ടെക്സ്റ്റൈൽ മേഖല തുടങ്ങിയ വ്യവസായങ്ങളിൽ നിരവധി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തോട്ടം മേഖല, ടെക്സ്റ്റൈൽ മേഖല, കശുവണ്ടി മേഖല, കയർ മേഖല എന്നിവയിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലുണ്ട്. ഓട് നിർമ്മാണ മേഖലയിലും ഈ സ്ഥിതിവിശേഷമുണ്ട്. ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുമുണ്ട്. ഇവരുടെ കൃത്യമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(സി) അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ 714 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. മറ്റു മേഖലകളിലെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ഡി) തൊഴിൽ നഷ്ടപ്പെട്ട തോട്ടം തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നൂറോളം ലയങ്ങൾ ഒന്നിച്ചുചേർത്ത് കോഴിവളർത്തൽ, പശു വളർത്തൽ, മറ്റു കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്കായി സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, ഗ്രാമപഞ്ചായത്തുകൾ എന്നിവ ചേർന്ന് പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഓരോ കള്ളുഷോപ്പിലും ജോലി നൽകി പുനരധിവസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലം അടച്ചുപൂട്ടിയ ചില സ്പിന്നിംഗ് മില്ലുകൾ, കശുവണ്ടി ഫാക്ടറികൾ, കയർ ഫാക്ടറികൾ എന്നിവ തുറന്നു പ്രവർത്തിക്കുന്നതിനായി വിവിധ തലങ്ങളിലായി ചർച്ചകൾ നടന്നുവരികയാണ്.

കർഷകത്തൊഴിലാളി പെൻഷൻ

62 [2834] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷക തൊഴിലാളി പെൻഷൻ പദ്ധതി പ്രകാരം എത്ര മാസത്തെ പെൻഷൻ നൽകുവാൻ ബാക്കിയുണ്ട്; ഇതിന് എത്ര രൂപ വേണ്ടിവരും; ആയത് എപ്പോൾ കൊടുത്ത് തീർക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

1-4-03 മുതൽ 28-2-05 വരെയുള്ള 23 മാസത്തെ കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യാൻ ബാക്കിയുണ്ട്. ഇത് വിതരണം ചെയ്യുന്നതിലേക്കായി 1,64,62,46,574 രൂപ (നൂറ്റി അറുപത്തിനാല് കോടി അറുപത്തി രണ്ട് ലക്ഷത്തിനാല്പത്തി ആറായിരത്തി അഞ്ഞൂറ്റി എഴുപത്തിനാല് രൂപ മാത്രം) ആവശ്യമായി വരും. സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്.

ഈറ്റ-കാട്ടുവള്ളി, തഴ തൊഴിലാളികൾക്ക് പെൻഷൻ ലഭ്യമാക്കാൻ നടപടി

63 [2835] ശ്രീ. എ. എൻ. രാജൻ ബാബു :

,, കെ. കെ. ഷാജു :

,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഈറ്റ-കാട്ടുവള്ളി, തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നപ്പോൾ അതിലേക്ക് മാറ്റം ചെയ്യപ്പെട്ട കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ബോർഡിലെ അംഗങ്ങൾക്ക് അവർ അടച്ചിട്ടുള്ള തുക നാളിതുവരെയുള്ള പലിശ സഹിതം പുതുതായി രൂപംകൊണ്ട ബോർഡിലേക്ക് കൈമാറാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly